# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 633 19.3.013 -ൽ മറുപടിക്ക്

മണൽ ദൗർലഭ്യം പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മണൽ ദൗർലഭ്യം മൂലം കെട്ടിടം പണി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ഭവന നിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ മണൽ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) മണലിന്റേയും മെറ്റൽ ക്രഷർ ഉൽപ്പന്നങ്ങളുടേയും ക്രമാതീതമായ വില വർദ്ധനവ് നിയന്ത്രിക്കാൻ എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) യും (സി) യും. | മണൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി പോലീസ്, റവന്യൂ അധികൃതർ പിടിച്ചെടുക്കുന്ന മണൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള കോഴിക്കോട്, പാല എന്നീ റീജിണൽ നിർമ്മിതി കേന്ദ്രങ്ങൾ വഴിയും എല്ലാ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയും വിതരണം ചെയ്യുന്നുണ്ട്.കൂടാതെ ജയിൽ വകുപ്പുമായി ചേർന്ന് M sand മണൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ